# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 3-1379/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 20/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 3-1379/2023 തീയ്യതി: 20/12/2023

# ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2023 | 17-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-11-2023 | 17-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി ജ്യോതിമോൻ , ഓഡിറ്റ് ഓഫീസർ
ശ്രീ. ഫമിൻ. എസ്.എം , അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജി.എസ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഗിരിജാഭായി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ഉല്ലാസ് കുമാർ . റ്റി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജയശ്രീ.ജെ.ബി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. സിന്ധു.ഒ | അസി.എൻജിനീയർ | 01-04-2022 | 12-09-2022 |
| ശ്രീമതി ദീപ.എസ് | അസി.എൻജിനീയർ | 13-09-2022 | 31-03-2023 |
| ശ്രീമതി പ്രീതാകുമാരി. ബി | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അനുജ.വി.എസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി പൂജ ചിത്ര | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.റിഷി എസ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി അശ്വത് ഉദയൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ അജിത്ത് . പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ലാവണ്യ രോഹിത്ത് | മെഡിക്കൽ ഓഫീസർ,പിഎച്ച്സി | 01-04-2022 | 31-03-2023 |
| ഡോ. ഗാന്ധിമതി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ഐസക് സാം | വെറ്ററിനറിസർജൻ | 01-04-2022 | 31-03-2023 |
| ഡോ. സുധീർ. എം | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | വാർഷികകണക്കിലെ നീക്കിയിരുപ്പും പാസ്ബുക്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വെള്ളക്കരം കുടിശ്ശിക - ബാലൻസ് ഷീറ്റിൽ ചേർത്തില്ല | 1-1-5 |
| 7 | തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-6 |
| 8 | ഡിമാന്റ് എൻടികൾ രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | ഡിപ്രീസിയേഷൻ കണക്കാക്കിയില്ല | 1-1-8 |
| 10 | രസീത് നൽകി വരവ് രേഖപ്പെടുത്തിയില്ല | 1-1-9 |
| 11 | നിക്ഷേപ പ്രവൃത്തിയ്ക്കായി നൽകിയ തുക - ബാലൻസ് ഷീറ്റിൽ രേഖപ്പടുത്തിയില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ബജറ്റ്-അവലോകനം | 1-2-1 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി ചെലവ് | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | നികുതി- നികുതിയേതര വരവ് അവലോകനം | 1-10 |
| 22 | വസ്തു നികുതി- വഴിസൌകര്യത്തിനുള്ള 20% വർദ്ധനവ് നല്കാതെയുള്ള നികുതിനിർണ്ണയം | 1-11 |
| 23 | മൊബൈൽ ടവറുകളുടെ വിവരശേഖരണം നടത്തിയിട്ടില്ല | 1-12 |
| 24 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-13 |
| 25 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 26 | ഇടപാടുകളില്ലാത്ത ട്രഷറി അക്കൌണ്ട് ക്ലോസ്സ് ചെയ്തില്ല | 1-15 |

| | | |
|---|---|---|
| 27 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 1-16 |
| 28 | സ്ട്രീറ്റ് മെയിൻ നീട്ടൽ - പണം കെട്ടിവച്ച് ഏഴ് മാസങ്ങൾക്ക് ശേഷവും പ്രവൃത്തി പൂർത്തിയായില്ല | 1-17 |
| 29 | കുഴൽ കിണർ നിർമ്മാണം പൂർത്തിയായില്ല | 1-18 |
| 30 | ആദായ നികുതി ഈടാക്കിയില്ല | 1-19 |
| 31 | ക്ഷേമ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിൽ കാലതാമസം | 1-20 |
| 32 | ലൈഫ് ഭവനപദ്ധതി – ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | 1-21 |
| 33 | കാലി വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 1-22 |
| 34 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല | 1-23 |
| 35 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കോമ്പൻസേഷൻ ഈടാക്കിയില്ല | 1-24 |
| 36 | ജി.എസ്.ടി സഹിതം കെ.എസ്.ഇ.ബിയിൽ ഒടുക്കിയ തുകയ്ക്ക് വീണ്ടും ജി.എസ്.ടി അനുവദിച്ചു | 1-25 |
| 37 | ചുട്ടുകാട്- കാരശ്ശേരി റോഡ് ടാറിംഗ്-അപാകതകൾ | 1-26 |
| 38 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല | 1-27 |
| 39 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നടത്തിപ്പിലെ അപാകതകൾ | 1-28 |
| 40 | തൊഴിലുറപ്പ് പദ്ധതി വഴിയുള്ള തീറ്റപ്പുൽ കൃഷി- നടത്തിപ്പിലെ അപാകതകൾ | 1-29 |
| 41 | ദുരിതാശ്വാസ നിധി നിഷ്ക്രിയം | 1-30 |
| 42 | ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-31 |
| 43 | വെള്ളക്കരം - കുടിശ്ശിക നിവാരണാർത്ഥം കൈക്കൊണ്ടത് സുസ്ഥിരമായ നടപടികൾ | 1-32 |
| 44 | തുക ചെലവഴിക്കാതെ / തിരികെ ഒടുക്കാതെ ബാധ്യതയായി നിലനിൽക്കുന്നു | 1-33 |
| ഭാഗം **2** | | |
| 1 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല | 2-1 |
| ഭാഗം **3** | | |
| 1 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കോമ്പൻസേഷൻ ഈടാക്കിയില്ല | 3-1 |
| 2 | ജി.എസ്.ടി സഹിതം കെ.എസ്.ഇ.ബിയിൽ ഒടുക്കിയ തുകയ്ക്ക് വീണ്ടും ജി.എസ്.ടി അനുവദിച്ചു | 3-2 |
| 3 | ചുട്ടുകാട്- കാരശ്ശേരി റോഡ് ടാറിംഗ്-അപാകതകൾ | 3-3 |

| | | |
|---|---|---|
| 4 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുകകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I)1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04-07-2023-ലെ ജനറൽ കമ്മറ്റി തീരുമാനം 1(1) പ്രകാരം തയ്യാറാക്കി 05-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II)കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011, 62(2)(എഫ്) പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരുപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-3 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല

വാർഷികകണക്കിലെ തുകകളെ സാധൂകരിക്കും വിധം അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1-1-4 വാർഷികകണക്കിലെ നീക്കിയിരുപ്പും പാസ്ബുക്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ നീക്കിയിരുപ്പായി RP40(b) യിൽ ഉൾപ്പെടുത്തിയ തുകകളും 31.03.23 ലെ പാസ്ബുക്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല.

| അക്കൌണ്ട് | പാസ് ബുക്ക് ബാലൻസ് (31.03.23) | RP40(b) |
|---|---|---|
| DCB Saksharatha Account-(2252) | 4073 | 3898 |
| SBI KURDFC Loan Account-(40887526682) | 101919 | 101245 |

സാക്ഷരത അക്കൌണ്ടിന്റെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല. ലോൺ അക്കൌണ്ടിൽ തുക തെറ്റായി രേഖപ്പെടുത്തിയാണ് (25.12.22 ലെ നീക്കിയിരുപ്പ് - 101245) പൊരുത്തപ്പെടുത്തിയിട്ടുള്ളത്.

1-1-5 വെള്ളക്കരം കുടിശ്ശിക - ബാലൻസ് ഷീറ്റിൽ ചേർത്തില്ല

23.03.23 ലെ ആംനസ്റ്റി അദാലത്ത് പ്രകാരം വെള്ളക്കരം കുടിശ്ശികയായി 4,64,494/- രൂപ പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

1-1-6 തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

1. MGNREGA അഡ്മിൻ ചെലവ് (1403168/-) മാത്രം I14 (F) ൽ ഉൾപ്പെടുത്തേണ്ടതിന് പകരം EFMS (47502652/-) ചെലവ് തുകയും (49110236/-) ചേർത്തിരിക്കുന്നു.
2. Restoration Charge ഇനത്തിൽ ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡിൽ നിന്നും 2019-20 ൽ ലഭിച്ച തുക (845290/-) തെറ്റായി രേഖപ്പെടുത്തിയത് ലയബിലിറ്റി ഹെഡ്ഡിൽ ബാധ്യതയായി തുടരുന്നു.
മേൽ അപാകതകൾ 2023-24 വർഷത്തെ വാർഷികകണക്കിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

1-1-7 ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

1-1-8 ഡിപ്രീസിയേഷൻ കണക്കാക്കിയില്ല

ചുവടെ ചേർക്കുന്നവയുടെ ഡിപ്രീസിയേഷൻ കണക്കാക്കാതെ 2021-22 ലെ ആസ്തിമൂല്യം ബാലൻസ് ഷീറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ചേർത്തിരിക്കുന്നു.

| ശീർഷകം | ഇനം |
|---|---|
| 416100103 | Sewerage & Drainage |
| 416100105 | Public Lighting |
| 416100106 | Plant & Machinary |

1-1-9 രസീത് നൽകി വരവ് രേഖപ്പെടുത്തിയില്ല

യൂണിയൻ ബാങ്ക്, ടോട്ടൽ സാനിട്ടേഷൻ അക്കൌണ്ടിന്റെ 31.03.23ലെ റെകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ബാങ്കിൽ നേരിട്ട് ക്രെഡിറ്റായ 8480/- രൂപ (31.10.21 – 4240/-, 05.10.21 – 4240/-) രസീത് നൽകി വരവ് രേഖപ്പെടുത്തിയിട്ടില്ല. തുകയുടെ സ്രോതസ്സ് പരിശോധിച്ച് വരവ് രേഖപ്പെടുത്തേണ്ടതാണ്.

1-1-10 നിക്ഷേപ പ്രവൃത്തിയ്ക്കായി നൽകിയ തുക - ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല

നിക്ഷേപ പ്രവൃത്തിയ്ക്കായി 2022-23 വർഷം കെ എസ് ഇ ബി ക്ക് (പ്രോജക്റ്റ് നം.എസ്.0001/23) നൽകിയ 4873992 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിൽ (B-18) ഉൾപ്പെട്ടിട്ടില്ല.
വാർഷികകണക്കിലെ അപാകതകൾക്ക് (1-1-1 മുതൽ 1-1-10 വരെ) വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/13.11.23) അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ച് തൻ വർഷത്തെ വാർഷികകണക്ക് തയ്യാറാക്കുന്നതാണെന്ന് അറിയിച്ചു.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 23.03.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 20.3.23-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 20,23,72,455 | 20,39,38,952 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 12,37,89,069 | 12,24,14,493 |

1-2-1 ബജറ്റ്-അവലോകനം

2022-23 വർഷത്തെ ബജറ്റ് 23.3.2022-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 20.03.2023 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനവും നടത്തിയതായി രേഖപ്പെടുത്തലില്ല.

2.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2022-23 ലെ ബജറ്റ് 2022 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3. പെർഫോമൻസ് ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാനുവൽ ചട്ടം 3.1.4, പട്ടിക 3-1 അനുസരിച്ച് തയ്യാറാക്കുന്ന ബജറ്റ് പ്രവർത്തനാധിഷ്ഠിതമായിരിക്കേണ്ടതാണ്. ആയതിന് പട്ടിക 3-2 ൽ നൽകിയിട്ടുള്ള മാതൃകയിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

4. ജന്റർ ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാനുവൽ ചട്ടം 3.1.5 പ്രകാരം ജന്റർ ബജറ്റ് തയ്യാറാക്കി ബജറ്റ് ലിംഗാധിഷ്ഠിതമായി വീക്ഷിക്കേണ്ടതാണ്. ആയതിന് പട്ടിക 3-3 ൽ നൽകിയിട്ടുള്ള മാതൃകയിൽ ജന്റർ ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ നിശ്ചിത മാതൃകയിൽ ജന്റർ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

5.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ഒറിജിനൽ ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2101003 | ബോണസ് | 20000 | 16000 | 18121 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2103001 | പെൻഷൻ കോൺട്രിബ്യൂഷൻ | 1100000 | 900000 | 901501 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2103002 | അവധി ശമ്പളം | 00 | 00 | 129306 | വകയിരുത്തലില്ലാതെ ചെലവഴിച്ച |
| 4 | 2201003 | നികുതി | 00 | 00 | 106729 | വകയിരുത്തലില്ലാതെ ചെലവഴിച്ച |
| 5 | 2201201 | വാർത്താ വിനിമയ ചെലവുകൾ | 80000 | 80000 | 93082 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 6 | 220701 | ഇലക്ഷൻ ചെലവുകൾ | 5000 | 00 | 6250 | വകയിരുത്തലില്ലാതെ ചെലവഴിച്ച |
| 7 | 2208001 | മറ്റ് ഭരണ | 300000 | 200000 | 218407 | വകയിരുത്തിയ |

| | | | | | | |
|---|---|---|---|---|---|---|
| | | ചെലവുകൾ | | | | തുകയേക്കാൾ കൂടുതൽ ചെലവ് |
| 8 | 2302001 | ബൾക്ക് പർച്ചേസ് ഓഫ് വാട്ടർ | 00 | 00 | 22500 | വകയിരുത്തലില്ലാതെ ചെലവഴിച്ചു |
| 9 | 2303001 | കൺസംപ്ഷൻ ഓഫ് സ്റ്റോഴ്സ് | 00 | 00 | 1200 | വകയിരുത്തലില്ലാതെ ചെലവഴിച്ചു |
| 10 | 2308001 | മറ്റ് നടത്തിപ്പ്/ മെയിന്റനൻസ് ചെലവുകൾ | 310000 | 230000 | 281600 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (5/13.11.23) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് മാനുവൽ ചട്ടം 3.1.4, 3.1.5 എന്നിവ അനുശാസിക്കും വിധം പെർഫോമൻസ് ബജറ്റ്, ജന്റർ ബജറ്റ് എന്നിവ പാസ്സാക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 53,60,913 രൂപ |
| വരവ് | 2,33,76,219 രൂപ |
| ആകെ | 2,87,37,132 രൂപ |
| ചെലവ് | 2,48,36,934 രൂപ |
| നീക്കിയിരിപ്പ് | 39,00,198 രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി (രൂപ) | വരവ്(സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) (രൂപ) | ആകെ(രൂപ) | ചെലവ്(സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ)(രൂപ) | നീക്കിയിരുപ്പ്/ ലാപ്സായ തുക (രൂപ) |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 00 | 12585000 | 12585000 | 10738395 | 1846605 * |
| വികസനഫണ്ട് (എസ്.സി.പി) | 00 | 2387861 | 2387861 | 2189278 | 198583* |
| സംരക്ഷണഗ്രാന്റ് (റോഡ്) | 00 | 7987000 | 7987000 | 7828822 | 158178 * |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 00 | 4846000 | 4846000 | 4815647 | 30353* |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | 290911 | 2876000 | 3166911 | 3008124 | 158787 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (ട്രഷറി) | 00 | 720871 | 720871 | 485541 | 235330 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് (ബാങ്ക്) | 28128 | 1969434 (52434 രൂപ പലിശ സഹിതം) | 1997562 | 1931465 | 66097 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് (ട്രഷറി) | 00 | 276155 | 276155 | 276155 | 00 |

* ലാപ്സായ തുക

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർണ്ണമായി നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 76891633 | 87 | 43674642 | 25 | 29 | 61.70 |

## 1-6 തൊഴിലുറപ്പ് പദ്ധതി ചെലവ്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2819 | 1604765 | 1607584 | 1607584 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 53830425 | 53830425 | 53830425 | 0 |
| ആകെ | 2819 | 55435190 | 55435190 | 55435190 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 00 | 00 |
| കർഷകതൊഴിലാളി പെൻഷൻ | 2286400 | 220 |
| വിധവാ പെൻഷൻ | 8161200 | 803 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 14523200 | 1618 |
| വികലാംഗ പെൻഷൻ | 2367200 | 228 |
| അവിവാഹിത പെൻഷൻ | 930200 | 92 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.23 തീയതിയിൽ 2.45 Pmന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 538 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

3. അഡ്വാൻസ് രജിസ്റ്റർ വരവ്, ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ, മരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനീയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കുകയും ബജറ്റിൽ വകയിരുത്തലില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കുകയും ചെയ്യുന്നു. വിശദവിവരങ്ങൾക്ക് ഖണ്ഡിക 1-2-1 കാണുക.

## 1-10 നികുതി- നികുതിയേതര വരവ് അവലോകനം

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല.

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) |
|---|---|---|---|

| | | വരവ്(₹)B | B-A |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 22,000,00 | 1680034 | -519966 |
| തൊഴിൽ നികുതി (തൻവർഷം) | 800000 | 693970 | -106030 |
| വാടക വരവ് | 350000 | 296391 | -53609 |
| ഫീ & യൂസർ ചാർജ് | 1300000 | 523604 | -776396 |
| സെയിൽ & ഹയർ ചാർജസ് | 240000 | 24937 | -215063 |
| പലിശ ലഭിച്ചത് | 300000 | 61393 | -238607 |
| മറ്റു വരവുകൾ | 160000 | 10500 | -149500 |
| ആകെ | 53,500,00 | 3290829 | -2059171 |

വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയതിന്റെയും ക്യാമ്പുകൾ സംഘടിപ്പിച്ചതിന്റെയും ഫലമായി 100% നികുതിയും ലഭിച്ചിട്ടുണ്ട്.

സ.ഉ.(കൈ)77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.08.2023 ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പാർപ്പിടാവശ്യങ്ങൾക്കായി ഉള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവയാണ്. എന്നാൽ നിലവിൽ ഇവയിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ സാധ്യതയുള്ളതിനാൽ ഫീൽഡ് പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി പുനർ നിർണ്ണയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള ആരാധനാലയങ്ങളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ, പള്ളിമേടകൾ, കോൺവെന്റുകൾ, ഊട്ടുപുരകൾ, സദ്യാലയങ്ങൾ, ക്ഷേത്രഭരണ ഓഫീസുകൾ, സൺഡേ സ്കൂൾ ഹാൾ, മദ്രസ ഹാളുകൾ എന്നിവ ആരാധനയ്ക്കല്ലാതെയുള്ള ആവശ്യങ്ങളാകയാൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾ എല്ലാ വാർഡുകളിലും ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി നികുതി നിർണ്ണയിച്ചീടാക്കാവുന്നതാണ്.

പഞ്ചായത്തീരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സർവ്വീസ് ചാർജും സേവന ഉപനികുതിയും ഈടാക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ശുപാർശയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ

ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ളാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി നികുതി കൃത്യമായി ഈടാക്കുന്നതിലൂടെ വരുമാന വർദ്ധനവ് നേടാവുന്നതാണ്.

നികുതിയേതര വരവുകൾ

ഗ്രാമ പഞ്ചായത്തിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ ഖണ്ഡിക നം. 14 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാന വർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

കാലഹരണപ്പെട്ടതും ഉപയോഗശൂന്യവുമായ ആസ്തികൾ യഥാസമയം ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടുണ്ട്.

1-11 വസ്തു നികുതി- വഴിസൌകര്യത്തിനുള്ള 20% വർദ്ധനവ് നല്കാതെയുള്ള നികുതിനിർണ്ണയം

ഗ്രാമപഞ്ചായത്തിന്റെ നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ പ്ലാനിൽ 5 മീറ്ററിലധികം വഴിസൌകര്യം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 5 മീറ്ററിൽ കൂടുതൽ വഴിസൌകര്യത്തിനുള്ള 20% വർദ്ധനവ് നല്കാതെ നികുതി നിർണ്ണയിച്ചിട്ടുള്ളതായി കണ്ടു.

1)ശ്രീലത തുണ്ടിൽ, 5/21A-24.72ച.മീ.ഇതര വ്യവസായം

2)സുഗുണൻ ചിറയിൽ, 4/385A-26.66ച.മീ.വാണിജ്യാവശ്യം

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (11/15.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വഴി സൌകര്യത്തിനുള്ള വർദ്ധനവ് നല്കി നികുതി പുനർനിർണ്ണയിച്ചീടാക്കി അറിയിക്കേണ്ടതാണ്.

1-12 മൊബൈൽ ടവറുകളുടെ വിവരശേഖരണം നടത്തിയിട്ടില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം-40395/RC2/ 2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം പഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ഡാറ്റാ ബെയ്സിൽ ആകെ 3 ടെലി കമ്മ്യൂണിക്കേഷൻ ടവറുകളുടെ വിവരങ്ങളാണുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് തലത്തിലുള്ള ഉദ്യോഗസ്ഥർ മുഖാന്തിരം പരിശോധന നടത്തി പഞ്ചായത്തിലെ മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെയും, കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ഉൾപ്പെടെയുള്ള അനധികൃത മൊബൈൽ ടവറുകളുടെ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (03/10.11.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അനധികൃത മൊബൈൽ ടവറുകൾ ഉണ്ടെങ്കിൽ കണ്ടെത്തി വസ്തുനികുതി ഈടാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും, റിട്ടേണുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

1)പഞ്ചായത്തിലെ റേഷൻകട ലൈസൻസികൾ

2)ത്രിവേണി സൂപ്പർമാർക്കറ്റിലെ ജീവനക്കാർ

3)ഗ്രാമപഞ്ചായത്തിലെ ഒന്നിലധികം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള കരാറുകാരായ ശ്രീ.ബാബുഗോപാലൻ, വിനു.ആർ, ശ്രീജിത്ത്.പി, മനോഹരൻ.പി എന്നിവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(9/14.11.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 സാമ്പത്തികവർഷത്തിൽ ലൈസൻസെടുത്തതായി രേഖയില്ല.

1)തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 7 കയർ സൊസൈറ്റികൾ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല.

2)പഞ്ചായത്തിലെ റേഷൻകട ലൈസൻസികൾ.

3)പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ള സ്ഥാപനങ്ങളായ ഗൌരി ദന്തൽ ക്ലിനിക്,ആയുർഹിത ഫാർമസി.

4)തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഒടുക്കിയിട്ടുള്ള പ്രശാന്തി ആയുർവേദ ക്ലിനിക്, സപ്ലൈകോ സൂപ്പർമാർക്കറ്റ്

5)സഞ്ചയ ഡാറ്റാബെയ്സിലുള്ള ദേവാസ് റിസോർട്ട്, അനിൽ ബാബു ആനന്ദൻ 12/172A, പ്രമോദ് 14/540 എന്നിവരുടെ ഉടമസ്ഥതയിലുള്ള പെട്രോൾ പമ്പ്.

ഇത്രയും സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (8/14.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ ലൈസൻസില്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ഇടപാടുകളില്ലാത്ത ട്രഷറി അക്കൌണ്ട് ക്ലോസ്സ് ചെയ്തില്ല

വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ, Treasury TP Account-(1) ൽ 507/- രൂപ

നീക്കിയിരുപ്പുണ്ട്. ഈ അക്കൌണ്ടിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ്, റെകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/13.11.23), നിലവിൽ ഇടപാടുകളില്ലാത്ത ഈ അക്കൌണ്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി ക്ലോസ്സ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

1-16 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

വിവിധ ഇനങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ നിക്ഷേപിക്കപ്പെട്ടതും കാലഹരണപ്പെട്ടതുമായ നിക്ഷേപങ്ങൾ (420133/- രൂപ) തനത് ഫണ്ടിൽ മുതൽ കൂട്ടാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | നിക്ഷേപിച്ച വർഷം | | | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | 2011-12 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | |
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 16800 | - | 74420 | - | 9350 | 19118 | 46050 | 165738/- |
| സപ്ലയേഴ്സ് ഇ.എം.ഡി | - | 2200 | - | 10000 | 14590 | - | - | 26790/- |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി | - | - | - | - | - | 2750 | - | 2750/- |
| സപ്ലയേഴ്സ് സെക്യൂരിറ്റി | -- | - | | 71100 | 3750 | 2920 | -- | 77770/- |
| കോൺട്രാക്ടേഴ്സ് റിടെൻഷൻ | 65607 | 49778 | - | - | 4034 | 27666 | -- | 147085/- |
| ആകെ | 82407 | 51978 | 74420 | 81100 | 31724 | 52454 | 46050 | 420133/- |

കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/15.11.23) മറുപടി നൽകിയില്ല.

ഭരണസമിതി തീരുമാനത്തിന് വിധേയമായി നിക്ഷേപങ്ങൾ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

1-17 സ്ട്രീറ്റ് മെയിൻ നീട്ടൽ - പണം കെട്ടിവച്ച് ഏഴ് മാസങ്ങൾക്ക് ശേഷവും പ്രവൃത്തി പൂർത്തിയായില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ 'സ്ട്രീറ്റ് മെയിൻ നീട്ടൽ' എന്ന പ്രോജക്റ്റിൽ (എസ്.0001/23) വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ നീട്ടുന്ന പ്രവൃത്തികൾക്ക് 19.12.22, 28.3.23 തീയതികളിലായി 4873992 രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് ഒടുക്കിയത്. പണം അടച്ച് ഏഴ് മാസങ്ങൾക്ക് ശേഷം ഓഡിറ്റ് നടക്കുന്ന അവസരത്തിൽ പോലും പ്രവൃത്തി പൂർത്തിയായിട്ടില്ല. പ്രവൃത്തിയുടെ ഏതെങ്കിലും ഭാഗം പൂർത്തിയാക്കിയതിന്റെ രേഖകളോ ധന വിനിയോഗ സാക്ഷ്യപത്രമോ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.1/10.11.23) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, പ്രവൃത്തികൾ നടന്ന് വരുന്നതായും പൂർത്തിയാകുന്ന മുറയ്ക്ക് ധന വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബിയിൽ നിന്ന് ശേഖരിച്ച് ഓഡിറ്റിൽ ലഭ്യമാക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാകാത്ത സാഹചര്യത്തിൽ പ്രസ്തുത 4873992 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം

ഒഴിവാക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ

അടങ്കൽ – 8601955 രൂപ

(സി.എഫ്.സി ഗ്രാന്റ്- 874419 രൂപ, വികസന ഫണ്ട് (ജനറൽ) – 227536 രൂപ, ജില്ല പഞ്ചായത്ത് വിഹിതം – 75 ലക്ഷം രൂപ)

ചെലവ്

ആകെ – 4873992 രൂപ

(സി.എഫ്.സി ഗ്രാന്റ്- 874419 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം – 3999573 രൂപ)

ബിൽനം.159, തീയതി 19.12.22 – 874419 രൂപ (സി.എഫ്.സി ഗ്രാന്റ്)

വൌച്ചർ നം. 42201100, തീയതി 27.03.23– 23801 രൂപ (ജില്ലാപഞ്ചായത്ത് വിഹിതം)

വൌച്ചർ നം. 42201101, തീയതി 27.03.23– 998360 രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)

വൌച്ചർ നം. 42201102, തീയതി 27.03.23– 985678 രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)

വൌച്ചർ നം. 42201103, തീയതി 27.03.23– 992522 രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)

വൌച്ചർ നം. 42201104, തീയതി 27.03.23– 999212 രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)

## 1-18 കുഴൽ കിണർ നിർമ്മാണം പൂർത്തിയായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ‘ബോർവെൽ നിർമ്മാണം’ (S0002/23) എന്ന പ്രോജക്ടിൽ 874419 രൂപ അടങ്കൽ വച്ച് 859935 രൂപ കേരള ഭൂജല വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. (ബിൽ. നം 133/30.11.22, 858000 രൂപ ; ബിൽ. നം 242/03.02.2023, 1935 രൂപ – സി.എഫ്.സി ഗ്രാന്റ്). ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റ്, റിക്വസിഷൻ എന്നിവയുടെ അടിസ്ഥാനത്തിലാണ് പണം മുൻകൂറായി അടച്ചത്. 20.1.23 ൽ പഞ്ചായത്തും ഭൂജല വകുപ്പും തമ്മിൽ ചമച്ച കരാറിൽ ഈ പ്രവൃത്തി 31.3.23 നകം പൂർത്തിയാക്കുന്നതാണെന്ന് വ്യക്തമാക്കുന്നുമുണ്ട്. എന്നിട്ടും ഇതുവരെ (10.11.23) പ്രവൃത്തി പൂർത്തിയായിട്ടില്ല. സമയ പരിധിക്കകം പ്രവൃത്തി പൂർത്തിയാക്കി ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/10.11.23) മറുപടിയും ലഭ്യമായില്ല. ആകയാൽ പ്രസ്തുത 859935 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരം ധന വിനിയോഗ സാക്ഷ്യപത്രം സഹിതം ഓഡിറ്റിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ആദായ നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ ‘പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്’ എന്ന പ്രോജക്ട് വഴി (നം.S 0060/23) കരട് പദ്ധതി രേഖ, സ്റ്റാറ്റസ് റിപ്പോർട്ട്, വികസന രേഖ എന്നിവ ഒരേസമയം പ്രിന്റ് ചെയ്തതിന് രണ്ട് ബില്ലുകൾ (തീയതി രേഖപ്പെടുത്താത്ത 806, 807 നമ്പരിൽ ഉള്ളവ യഥാക്രമം 26700 രൂപ, 17850 രൂപ) വാർഷിക കരാർ എടുത്തിട്ടുള്ള ശ്രീ ഓഫ്സെറ്റ്, ചേപ്പാട് എന്ന സ്ഥാപന ഉടമ ശ്രീ ജയരാജ്. പി 29.4.22 ൽ ഹാജരാക്കുകയും 26700 രൂപ, 17850 രൂപ യഥാക്രമം 2220058, 2220057 (6.5.22) വൗച്ചർ വഴി മാറി നൽകുകയും ചെയ്തു. ഇപ്രകാരം ഒന്നിച്ച് നിർവ്വഹിച്ച പ്രവൃത്തിക്ക് ആകെ 44550 രൂപ ഒരേസമയം ശ്രീ ജയരാജ്.പി യുടെ പേർക്ക് മാറിനൽകിയിട്ടും ആദായനികുതി കുറവ് ചെയ്ത് ഒടുക്കുവരുത്തിയിട്ടില്ല. ആദായനികുതി നിയമപ്രകാരം പ്രവൃത്തികളുടെ മുപ്പതിനായിരം രൂപയിൽ അധികമുള്ള ബില്ലുകളിൽ നിന്ന് ഒരു ശതമാനം ആദായനികുതി ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ടതാണ്. ഇത് ഒഴിവാക്കാനായാണ് ആകെ തുക രണ്ട് ബില്ലുകൾ ആയി വിഭജിച്ച് ഒരേ ദിവസം സമർപ്പിക്കപ്പെട്ടത്. ഇവയെ ഒറ്റ ബില്ലായി തന്നെ കണക്കാക്കി ഒരു ശതമാനം അതായത് 446 രൂപ ആദായ നികുതി കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതായിരുന്നെങ്കിലും ആയത് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/10.11.23), ആദായനികുതി ഈ സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ഈ

സ്ഥാപനത്തിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

## 1-20 ക്ഷേമ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിൽ കാലതാമസം

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും പഞ്ചായത്തിൽ ഇതിന് വളരെയധികം കാലതാമസം നേരിടുന്നു. ഇതുമൂലം അനർഹമായ കാലയളവിലെ പെൻഷൻ തുക സഹകരണബാങ്കുകളിലെ അക്കൌണ്ടിലും വ്യക്തികളുടെ ബാങ്ക് അക്കൌണ്ടിലേക്കും ക്രെഡിറ്റ് ചെയ്യപ്പെടുന്നു. താഴെ കൊടുത്തിരിക്കുന്ന വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്തതിനുശേഷം സസ്പെൻഡ് ചെയ്തതിലെ കാലതാമസം മൂലം അനർഹമായ കാലയളവിലെ തുക ടി വ്യക്തികളുടെ ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റായിട്ടുണ്ട്.

| ക്രമ നം. | പേര്/വിലാസം | മരണപ്പെട്ട തീയതി/ രജിസ്റ്റർ ചെയ്ത തീയതി/ സസ്പെൻഡ് ചെയ്ത തീയതി | പെൻഷൻ തരം/ഐഡി | അനർഹമായി നല്കിയ തുക |
|---|---|---|---|---|
| 1 | പി.ജെ.തോമസ് ഷാജിഭവനം | 13.10.2022/ 03.11.2022/ 26.6.2023 | വാർദ്ധക്യകാല പെൻഷൻ 104740201384 | 7000/- (11/2022 @600 12/2022- 3/2023 @1600) |
| 2 | ശാരദാമ്മ, പുതുപുരയ്ക്കൽ | 27.03.2022/ 20.04.2022/ 26.06.2023 | വാർദ്ധക്യകാല പെൻഷൻ 104740201409 | 7200/- (04/2022- 03/2023 @600/-) |
| | | | | 14200/- |

സഹകരണബാങ്കിൽ നിന്നും അതാത് മാസം പെൻഷൻ വിതരണം ചെയ്യാത്തവരുടെ/ മരണപ്പെട്ടവരുടെ രേഖകൾ ലഭ്യമാക്കാറുണ്ടോ എന്നതിനും 2022-23 സാമ്പത്തിക വർഷം പെൻഷൻ ലിസ്റ്റിൽ നിന്നും സസ്പെൻഡ് ചെയ്യപ്പെട്ട വ്യക്തികൾക്കും മസ്റ്ററിംഗ് നടത്താത്ത വ്യക്തികൾക്കും കൈമാറ്റം ചെയ്യപ്പെടാതെ സഹകരണബാങ്കിൽ നിലനിൽക്കുന്ന തുകകൾ കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കു വരുത്തിയതിന്റെ രേഖകൾ അതാത് മാസം സഹകരണബാങ്കിൽ നിന്നും ലഭിക്കുന്നുണ്ടോ എന്നതിനും ഓഡിറ്റ് അന്വേഷണം (19/16.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന വ്യക്തികളുടെ അനർഹമായ കാലയളവിലെ പെൻഷൻ തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

## 1-21 ലൈഫ് ഭവനപദ്ധതി - ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. ആദ്യഗഡു കൈപ്പറ്റിയവർ നിലവിലും നിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവനപദ്ധതി രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 വർഷം അഡ്വാൻസ് കൈപ്പറ്റിയ ശ്രീമതി ലക്ഷ്മി, തുറവശ്ശേരിൽ എന്ന ഗുണഭോക്താവ് (40,000/-BRN നം.7700227340/22.06.22) നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെയും നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം നിർവഹണ ഉദ്യോഗസ്ഥൻ വിശദമാക്കിയില്ല. ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിക്കാൻ സന്നദ്ധയാണെങ്കിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും അല്ല എങ്കിൽ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. തുടർഗഡുക്കൾ കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

2021-22 വർഷം ഭവനനിർമ്മാണം ആരംഭിച്ച് തുടർ ഗഡുക്കൾ കൈപ്പറ്റിയെങ്കിലും നിലവിലും നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| ശ്രീമതി പവിഴമ്മ, ഒതളക്കാവിൽ | 2,00,000/- |
| ശ്രീമതി ആര്യ ബേബി, വൈപ്പിൽ | 2,00,000/- |
| ശ്രീമതി ലേഖ രാജി, ആലുകുന്നത്ത് പുത്തൻ ചിറയിൽ | 3,00,000/- |

ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് മറുപടി നൽകേണ്ടതാണ്.

## 1-22 കാലി വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2022-23 ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ്/ പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18% ജി.എസ്.ടി ഉൾപ്പെടെ 281 രൂപ നിരക്കിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ | ജി.എസ്.ടി തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | സൂക്ഷിച്ചിട്ടുള്ള തുക | | |
| 1 | 43/23, (66/21) തോട്ടുകടവ് നശ്ശേരിൽ റോഡ് പുനരുദ്ധാരണം | ശ്രീകുമാർ.ഡി (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 12 ബാരൽ | 3000/- പഞ്ചായത്തിൽ നേരിട്ടടച്ചത് (@250/ ബാരൽ) | 540, (3000x18%) പഞ്ചായത്തിൽ നേരിട്ടടച്ചത് | 4/ 11.7.23 553977 |
| 2 | 51/23, (133/22) തോട്ടുകടവ് നടേശ്ശേരിൽ റോഡ് പുനരുദ്ധാരണം | എൻ.പൊന്നപ്പൻ (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 23ബാരൽ | 6490 (27രൂപ അധികം) | - | 53/ 29.7.22 323161 |
| 3 | 129/23 പുളിക്കീഴ് അലിമുക്ക് കാട്ടിൽ മാർക്കറ്റ് റോഡ് നവീകരണം | ഷൈൻ.പി (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 30ബാരൽ | 8430 | - | 17/ 28.2.23 -700034 20/ 15.3.23 – 795984 |
| 4 | 42/23 ചുട്ടുകാട്- കാരശ്ശേരി റോഡ് ടാറിംഗ് | വിജയൻ. എൻ (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 8ബാരൽ | 2248 | - | 22/ 22.3.23 652230 |
| 5 | 100/23 SNDP ജംഗ്ഷൻ NTPC റോഡ് പുനരുദ്ധാരണം | ശ്രീകുമാർ. ഡി (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 29 ബാരൽ | 8149 | - | 21/ 17.3.23 863760 |
| | ആകെ | | | 28317 | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (16/15.11.23) മറുപടി ലഭ്യമാക്കിയില്ല. കാലിവീപ്പയുടെ വിലയിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കി സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക മേൽ സൂചിപ്പിച്ചിട്ടുള്ള സർക്കാർ ഉത്തരവനുസരിച്ച് അതത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ബന്ധപ്പെട്ട വകുപ്പിലേക്ക്

തിരിച്ചടച്ച് വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-23 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല

പ്രോജക്ട് നമ്പർ - S0048/23(169/21)

കുറ്റിപ്പുറം ശംഭുനിവാസ് ഓട സൈഡ് ഫില്ലിംഗ്

അടങ്കൽ- 85,000/- തനത് ഫണ്ട്, പി.എ.സി- 85000/-

കരാറുകാരൻ - ശ്രീ. ഷാജഹാൻ.എ

എഗ്രിമെന്റ് നമ്പർ 27/AE/KPLY/ 24.3.2022

ബിൽ നമ്പർ -14/10.5.22, 54181/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത് 28.2.2022 ൽ ആണ്. ഇത് പ്രകാരം 14.3.22 നുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ 24.3.2022 ൽ ആണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ ഫൈനില്ലാതെയും തുടർന്ന് 10 ദിവസത്തിനുള്ളിൽ 1% ഫൈനോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. ഈ കാലയളവിലും കരാർ വെക്കാത്തപക്ഷം ഇ.എം.ഡി കണ്ടുകെട്ടുകയും ടെണ്ടർ നിബന്ധന പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നിട്ടും ഇപ്രകാരം തുടർനടപടി സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ കരാറുകാരനുമായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് 2.12.2021 ൽ കരാറുകാരൻ സൈറ്റ് ഏറ്റെടുത്തിട്ടുള്ളതായ സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അളവ് പുസ്തകം 21/21-22 പുറം 2-ൽ 19.3.22 ൽ പ്രവൃത്തി ചെയ്തതായി അളവ് രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് സൈറ്റ് കൈമാറുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/15.11.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് കരാർ തുകയുടെ (85000), 1% തുകയായ 850/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അതുപോലെ മേൽ പരാമർശിച്ച പ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കോമ്പൻസേഷൻ ഈടാക്കിയില്ല

പ്രോജക്ട് നമ്പർ- S0059/23 (138/21)

അടങ്കൽ- 1400000/-
കരാറുകാരൻ- ഗോപാലകൃഷ്ണപിള്ള

പി.എ.സി-1204135,
ആകെ ചെലവ്-1260042/-, ബിൽ നമ്പർ-2/18.6.22

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വലിയകുളങ്ങര നാരകത്തറ ഓട നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2116-1 പ്രകാരം കോമ്പൻസേഷൻ ഈടാക്കിയതായി കാണുന്നില്ല. 10.11.2021 ൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും നിയമാനുസൃത കാലയളവിൽ കരാറിലേർപ്പെടാതിരുന്നതിനാൽ 12486/- രൂപ ഫൈൻ ഒടുക്കിയ ശേഷമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 4 മാസമാണ്. 26.2.2022 ലെ കമ്മറ്റി തീരുമാനം 2(4) പ്രകാരം കരാറുകാരനുമായി കരാറിലേർപ്പെട്ട് 31.3.2022 നകം പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരനോട് നിർദ്ദേശിച്ച് തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം 14.3.22 ൽ എഗ്രിമെന്റിൽ ഏർപ്പെട്ട് (26/AE/14.3.22) സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 13.7.22 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 24.8.2022 ൽ ആണ്.

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ച നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം വരുത്തിയ 6 ആഴ്ച കാലയളവിലേക്ക് കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2116-1 പ്രകാരം കാലതാമസം വരുത്തുന്ന ഓരോ ആഴ്ചയ്ക്കും 0.1% നിരക്കിൽ കരാർ തുകയുടെ 0.6% X 1204135 = 7225/-രൂപ കോമ്പൻസേഷൻ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (14/15.11.23) മറുപടി ലഭ്യമാക്കിയില്ല.

1-25 ജി.എസ്.ടി സഹിതം കെ.എസ്.ഇ.ബിയിൽ ഒടുക്കിയ തുകയ്ക്ക് വീണ്ടും ജി.എസ്.ടി അനുവദിച്ചു

പ്രോജക്ട് നമ്പർ- S0059/23 (138/21)

അടങ്കൽ- 1400000/-
(ധനകാര്യ കമ്മീഷൻ ഗ്രാന്റ്-73857/-, മെയിന്റനൻസ് ഗ്രാന്റ് റോഡ്-1326143/-)

കരാറുകാരൻ- ഗോപാലകൃഷ്ണപിള്ള

പി.എ.സി-1204135

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വലിയകുളങ്ങര നാരകത്തറ ഓട നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഈ പ്രവൃത്തിയുടെ ഭാഗമായി പോസ്റ്റ് ഷിഫ്റ്റിംഗിനായി കരാറുകാരൻ ജി.എസ്.ടി ഉൾപ്പെടെ 12203 രൂപ കെ.എസ്.ഇ.ബിയിൽ ഒടുക്കിയിട്ടുണ്ട് (പണം ഒടുക്കിയതിന്റെ രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) എന്നാൽ ഇപ്രകാരമൊരു ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നില്ല. കെ.എസ്.ഇ.ബിയിൽ ഒടുക്കിയ തുകയ്ക്ക് വീണ്ടും ജി.എസ്.ടി കണക്കാക്കിയിട്ടുള്ളതായി കാണുന്നു. പ്രവൃത്തിയുടെ ആകെ മൂല്യം 1260042.

| ബിൽ | പ്രവൃത്തിമൂല്യം | ജി.എസ്.ടി | ആകെ |
|---|---|---|---|
| ഒന്നാം ഭാഗിക ബിൽ | 495403 | 59448 (12%) | 554851 |
| രണ്ടാം ഭാഗിക ബിൽ | 587278 | 105710 (18%) | 692988 |
| പോസ്റ്റ് ഷിഫ്റ്റിംഗ് | | | 12203 |

| | | | |
|---|---|---|---|
| | | ആകെ | 1260042 |

മേൽ സൂചിപ്പിച്ചതിൽ നിന്നും വ്യത്യസ്തമായി 1261857 രൂപ ഈ പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (15/15.11.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച വിധം അധികം ചെലവഴിച്ച 1815/-രൂപ (1261857-1260042), ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ബിൽ നമ്പർ-9/11.1.23 - 141000

ബിൽ നമ്പർ 10/6.1.23 – 24857

ബിൽ നമ്പർ 8/22.10.22 – 541149

ബിൽ നമ്പർ 2/18.6.22 - 554851

1-26 ചുട്ടകാട്- കാരശ്ശേരി റോഡ് ടാറിംഗ്-അപാകതകൾ

പ്രോജക്ട് നമ്പർ- S0042/23

കരാറുകാരൻ – വിജയൻ. എൻ,
അടങ്കൽ -700000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)

ചെലവ് തുക -652230, ബിൽ നമ്പർ 22/22.3.23.

ചുട്ടകാട്- കാരശ്ശേരി റോഡ് ടാറിംഗ്- എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അനുബന്ധം 2 പ്രകാരം കാന (റോഡ് ക്രോസിംഗ് ഭാഗം) നിർമ്മാണത്തിനായി ഇനം 2-1 പ്രകാരം എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

1x4.80x 0.80x0.40 =1.536$m^3$

ഇനം 2-1 പ്രകാരം ബെഡ് കോൺക്രീറ്റിംഗ് 0.10 M കനത്തിലും ഇനം 2-3 പ്രകാരം ആർ.സി.സി ബെഡ് 0.10m കനത്തിലും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 0.40 മീറ്റർ താഴ്ചയിൽ എർത്ത് വർക്ക് എസ്കവേഷൻ ചെയ്തതിൽ 0.20 മീറ്റർ കുറച്ചാൽ ബാക്കി 0.20 മീറ്ററും റോഡ് മെയിന്റനൻസിന്റെ ഭാഗമായി ജി.എസ്.ബി, ഡബ്ല്യൂ.എം.എം എന്നിവ 0.15 മീറ്റർ കനത്തിലും ചിപ്പിംഗ് കാർപ്പറ്റ് 0.02 മീറ്റർ കനത്തിലും ചെയ്തതും കവറിംഗ് സ്ലാബിന്റെ കനമായ 0.18 മീറ്ററും കണക്കാക്കിയാൽ സൈഡ് വാൾ ചെയ്യാവുന്ന ഉയരം 0.34 മീറ്ററാണ്. എന്നാൽ സൈഡ് വാൾ 0.50 മീറ്റർ ഉയരത്തിൽ ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം റോഡ് ക്രോസിംഗ് ഭാഗത്ത് നിർമ്മിച്ചിട്ടുള്ള കാന റോഡിന്റെ ഉപരിതലത്തിൽ നിന്നും 0.16 മീറ്റർ ഉയർന്ന് നിൽക്കുന്ന അവസ്ഥയിലാകും. റോഡിന്റെ ഉപരിതല നിരക്കിൽ കാന നിർമ്മിക്കുന്നതിന് സൈഡ് വാൾ നിർമ്മിക്കാവുന്ന ഉയരം 0.34 മീറ്ററാണ്. അതായത് എസ്കവേഷന്റെ അളവായ 0.40+റോഡിന്റെ ഉയരം 0.32മീറ്റർ -(ബെഡ് കോൺക്രീറ്റിംഗ് 0.20 + കവറിംഗ് സ്ലാബ് 0.18), Ie 0.72-0.38=0.34 മീറ്റർ. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി 0.50 മീറ്റർ ഉയരത്തിൽ സൈഡ് വാൾ നിർമ്മിച്ചത് മൂലം 0.307$m^3$ കോൺക്രീറ്റിംഗ് അധികം ചെയ്തിട്ടുണ്ട്.

| റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് | സൈഡ് വാൾ ഉൾപ്പെടെ ആർ.സി.സി ചെയ്ത അളവ് | നൽകിയ തുക | സൈഡ് വാൾ ഉൾപ്പെടെ ആർ.സി.സി ചെയ്യാവുന്ന അളവ് | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| കാനയുടെ ബെഡ് | 4.8x0.8x0.10 =0.384 | 2.035$m^3$x8427/$m^3$ | 4.8x0.8x0.10 =0.384 | 1.728$m^3$x8427/$m^3$ | 2587 + |

| | | | | | |
|---|---|---|---|---|---|
| | | | | | |
| സൈഡ് വാൾ | 2x4.8x0.2x0.50 = 0.96 | = 17149/- | 2x4.8x0.2x0.34 =0.653 | = 14562/- | 18% GST =3053 |
| സ്ലാബ് | 4.8x0.8x0.18 = 0.691 | | 4.8x0.8x0.18 =0.691 | | |
| | ആകെ 2.035$m^3$ | | ആകെ 1.728$m^3$ | | |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (17/15.11.23) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിധം അധികം ചെലവഴിച്ച 3053/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

1-27 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല

പ്രോജക്ട് നം.- S0110/23

കരാറുകാരൻ -വിനു.ആർ, അടങ്കൽ -567000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)

ചെലവ് തുക -481347, ബിൽ നമ്പർ- 16/28.2.23,

തെറ്റിക്കുഴിയിൽ ചേലപ്പുറത്ത് ഓട നിർമ്മാണവും കവറിംഗ് സ്ലാബും വാർഡ് 7 എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി 19.376$m^3$ മണ്ണ് ഓടനിർമ്മാണത്തിനായി കുഴിച്ചെടുത്തിട്ടുണ്ട് (ഇ-എം ബുക്കിലെ രേഖപ്പെടുത്തൽ). ആയത് 18.62$m^3$ ൽ പരിമിതപ്പെടുത്തി 650/$m^3$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (18/15.11.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച പ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും പ്രസ്തുത മണ്ണ് സ്റ്റാക്ക് ചെയ്ത് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയോ ലേലം ചെയ്ത് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ലാത്തതിനാൽ 18.62$m^3$ മണ്ണിന് 400/$m^3$ നിരക്കിൽ 7448/- രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-28 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നടത്തിപ്പിലെ അപാകതകൾ

പുളിക്കശ്ശേരി ഓട നിർമ്മാണം-

വർക്ക് കോഡ്-RC/350308, കരാറുകാരൻ- മനോഹരൻ. ആർ

അളവ് പുസ്തകം - 36/kply/22-23

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഓട നിർമ്മാണത്തിനായി ഒന്നാമിനമായി സർഫസ് ഡ്രെസ്സിംഗ് 45x1 = 45$m^2$ ചെയ്യുകയും 9.315/$m^2$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാമിനമായി മേൽ സൂചിപ്പിച്ച അളവിൽ 0.70 മീറ്റർ ആഴത്തിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാമിനമായ എർത്ത് വർക്ക് എസ്കവേഷൻ നടത്തുന്ന സ്ഥലത്ത് സർഫസ് ഡ്രെസ്സിംഗ് ആവശ്യമില്ലായെന്നിരിക്കെ ഇപ്രകാരം ഒരിനം ഉൾപ്പെടുത്തിയത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (20/16.11.23) മറുപടി ലഭ്യമാക്കിയില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാനും പ്രവൃത്തി നിർവ്വഹണത്തിന് ആവശ്യമായ ഇനം മാത്രം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിക്കുന്നതിനും അധികചെലവ് ഉണ്ടാകാതിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-29 തൊഴിലുറപ്പ് പദ്ധതി വഴിയുള്ള തീറ്റപ്പുൽ കൃഷി- നടത്തിപ്പിലെ അപാകതകൾ

ക്ഷീര വികസന വകുപ്പുമായി സംയോജിപ്പിച്ച് തീറ്റപ്പുൽ കൃഷി- അമ്പനാട്ട് ഭാഗം

വർക്ക് കോഡ്-LD/425758

അളവ് പുസ്തകം - 10/kply/21-22

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് എസ്റ്റിമേറ്റ് പ്രകാരം രണ്ടാമിനമായി വിവിധ ഭാഗങ്ങളിലായി ആകെ (12x 153x 2), 3672$m^2$ വിസ്തൃതിയിൽ ഫീൽഡ് ബണ്ട് തയ്യാറാക്കിയിട്ടുണ്ട്. ബണ്ടുകൾക്കിടയിലെ വീതി 0.30മീറ്റർ എന്ന് കണക്കാക്കിയാൽ തന്നെ ഫീൽഡ് ബണ്ടിനാവശ്യമായ വിസ്തൃതി (12x153x2.30), 4222.80$m^2$ മാത്രമാണ്. ഇത്രയും ഏരിയ മാത്രം സർഫസ് ഡ്രെസ്സിംഗ് ചെയ്താൽ മതിയാകും. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം ഒന്നാമിനമായി സർഫസ് ഡ്രെസ്സിംഗ് 4572.46$m^2$ ചെയ്യുകയും 19.315/$m^2$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (20/16.11.23) മറുപടി ലഭ്യമാക്കിയില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാനും പ്രവൃത്തി നിർവ്വഹണത്തിന് ആവശ്യമായ അളവ് മാത്രം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ദുരിതാശ്വാസ നിധി നിഷ്ക്രിയം

പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും നിർദ്ധനരുമായ ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് ദുരിത നിവാരണാർത്ഥം അടിയന്തിര സാഹചര്യത്തിൽ സഹായമെത്തിക്കുന്നതിനാണ് പഞ്ചായത്തിൽ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ -2003 അനുസരിച്ച് ദുരിതാശ്വാസ നിധി രൂപീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഏറെക്കാലമായി ഈ ഫണ്ട് നിഷ്ക്രിയമാണ്. 2019-20 മുതലുള്ള രേഖകൾ പരിശോധിച്ചതിൽ ഈ ഫണ്ടിൽ നിന്ന് ചെലവുകൾ ഒന്നും തന്നെ വന്നിട്ടില്ല. 2019-20 ൽ 6323 രൂപയും 2020-21 ൽ 6305 രൂപയും 21-22ൽ 5733 രൂപയും ദുരിതാശ്വാസ നിധിയിലേക്ക് വരവുണ്ട്. എന്നാൽ 2022-23 ൽ പലിശ ഇനത്തിൽ വരവ് വന്ന 594 രൂപ ഒഴിച്ചാൽ മറ്റ് വരവുകൾ ഇല്ല . 31.3.23 ൽ ദുരിതാശ്വാസ നിധിയിൽ 14607 രൂപയാണ് അവശേഷിക്കുന്നത്.

അടിയന്തിര സാഹചര്യത്തിൽ നിർദ്ധനരായ തദ്ദേശിയരെ നേരിട്ട് സഹായിക്കാനുള്ള ഗ്രാമ പഞ്ചായത്തിന്റെ കടമ നിർവ്വഹിക്കാനുള്ള മാർഗ്ഗമാണ് ദുരിതാശ്വാസനിധി. ഇത് നിഷ്ക്രിയമാകുക വഴി പഞ്ചായത്ത് നിവാസികൾക്ക് ലഭിക്കേണ്ട ഒരു അടിയന്തിര സേവനമാണ് നഷ്ടമായിരിക്കുന്നത്. മേൽപ്പറഞ്ഞ ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരം ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തി അവശ്യ ഘട്ടത്തിൽ അർഹരായവർക്കായി പക്ഷപാതരഹിതമായി വിനിയോഗിക്കുവാൻ പഞ്ചായത്ത് കമ്മറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്ത പ്രോജക്ട് വഴി 1.5 ലക്ഷം രൂപ ഹോംകോ, ആലപ്പുഴ എന്ന കേരള സർക്കാർ സ്ഥാപനത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയം വരെയും (10.11.23) ആകെ 96530 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. 53470 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാൻ ബാക്കിയാണ്. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/10.11.23) മരുന്ന് ലഭ്യമാക്കാനാവശ്യപ്പെട്ട് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയത്. പണം മുൻകൂറായി നൽകിയ ശേഷവും മരുന്നുകൾ യഥാസമയം ലഭ്യമാകാത്തത് ആശുപത്രി പ്രവർത്തനത്തെ ബാധിക്കാനിടയുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതി ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

അനുബന്ധ വിവരം

പ്രോജക്ട് – ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ, എസ്.0021/23

അടങ്കൽ, ചെലവ് – 150000 രൂപ
ബിൽ നം. 0574795/ 26.09.22

1-32 വെള്ളക്കരം - കുടിശ്ശിക നിവാരണാർത്ഥം കൈക്കൊണ്ടത് സുസ്ഥിരമായ നടപടികൾ

വെള്ളക്കരത്തിലെ കുടിശ്ശിക നിവാരണം കൂടി ലക്ഷ്യമിട്ട് സെക്രട്ടറി നിർവ്വഹണം നടത്തിയ പൊതുടാപ്പുകളുടെ വെള്ളക്കരം എന്ന പ്രോജക്ട് (S0012/23) വഴി തൻവർഷത്തെ വെള്ളക്കരമായ 684486 രൂപയ്ക്ക് പുറമേ കുടിശ്ശിക നിവാരണത്തിനായി 1184928 രൂപ (609568 രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം), 575360 രൂപ സി.എഫ്.സി ഗ്രാന്റ്) കൂടി പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം ഒടുക്കിയിട്ടുണ്ട്. 31.12.2022 ലെ വെള്ളക്കരം കുടിശ്ശികയായ 2884388 രൂപ പിഴപ്പലിശ കുറവ് ചെയ്ത് തീർപ്പാക്കാനായി 15 ദിവസത്തിനകം 2054372 രൂപ ഒടുക്കാൻ 24.1.13 ൽ എ2/69/23 കത്ത് മുഖേന വാട്ടർ അതോറിറ്റി (അക്കൗണ്ട്സ് ഓഫീസർ) പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സമയപരിധിക്കകം പഞ്ചായത്ത് 343560 രൂപ (ബിൽ നം. 1161236/8.2.23) മാത്രമാണ് ഒടുക്കിയത്. തുടർന്ന് 266008 രൂപ (ബിൽ നം.1343044 / 14.3.23 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) കൂടി വാട്ടർ അതോറിറ്റിയിൽ ഒടുക്കുകയുണ്ടായി. ഇപ്രകാരം 609568 രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചു. അക്കൌണ്ട്സ് ഓഫീസറുടെ പ്രസ്തുത കത്ത് പ്രകാരം 14.45 ലക്ഷം രൂപ കൂടി പിന്നെയും അടയ്ക്കാൻ ബാക്കി നിൽക്കവെ 23.3.23 ൽ കേരള വാട്ടർ അതോറിറ്റിയുടെ ആലപ്പുഴ ഓഫീസിൽ വച്ച് നടന്ന ആംനസ്റ്റി അദാലത്തിൽ പഞ്ചായത്ത് പങ്കെടുക്കുകയും ആയതിൽ വച്ച് കുടിശ്ശിക 1038054 രൂപയായി വീണ്ടും കുറവ് ചെയ്ത് നിജപ്പെടുത്തുകയും ചെയ്തു. ഇത് വഴി ഏകദേശം 4.07 ലക്ഷം രൂപയുടെ ഗുണം പഞ്ചായത്തിന് ലഭിച്ചു. എന്നാൽ ഈ തുക പൂർണ്ണമായി അടച്ച് തീർത്ത് കുടിശ്ശിക നിവാരണം സാധ്യമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞില്ല. 31.3.23 പ്രകാരം 575360 രൂപ (ബിൽ നം. 420, സി.എഫ്.സി ഗ്രാന്റ്) കൂടി അടക്കുവാൻ മാത്രമേ തൻവർഷം പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. ബാക്കി 464494 രൂപകൂടി അടക്കാൻ ബാക്കി നിൽക്കുന്നു. ബാക്കിത്തുക 2023-24 ൽ പ്രോജക്ട് വച്ച് അടക്കുന്നതാണ് എന്ന പഞ്ചായത്തിന്റെ ഉറപ്പ് അംഗീകരിച്ചുകൊണ്ടാണ് അദാലത്ത് തീർപ്പ് ഉണ്ടായിട്ടുള്ളത്. കുടിശ്ശിക നിവാരണത്തിനാവശ്യമായ തുക കൂടി ഉൾപ്പെടുത്തി 2023-24 ൽ പ്രോജക്ട് തയ്യാറാക്കി (S0003/24) ഡി.പി.സി അംഗീകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അടക്കം ലഭിക്കുന്നതിലെ കാലതാമസം നിമിത്തം പണം ഇതുവരെ (10.11.23) അടക്കാനായിട്ടില്ല എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (1/10.11.23) സെക്രട്ടറി മറുപടിയും ലഭ്യമാക്കി. പണം അടിയന്തിരമായി ഒടുക്കി കുടിശ്ശിക നിവാരണം സാദ്ധ്യമാക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

പ്രതിമാസം 105 പൊതു ടാപ്പുകളുടെ വെള്ളക്കരമാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത് പോരുന്നത്. ജൽ ജീവൻ മിഷൻ അടക്കമുള്ള പ്രോജക്ടുകൾ വഴി ഗാർഹിക കുടിവെള്ള കണക്ഷൻ വ്യാപകമായി ലഭ്യമാക്കപ്പെടുന്ന സാഹചര്യത്തിൽ ആവശ്യമല്ലാത്ത പൊതുടാപ്പുകൾ കണ്ടെത്തി വിച്ഛേദിച്ച് വെള്ളക്കരത്തിൽ കുറവ് വരുത്താൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

1-33 തുക ചെലവഴിക്കാതെ / തിരികെ ഒടുക്കാതെ ബാധ്യതയായി നിലനിൽക്കുന്ന

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം ചെലവഴിക്കുകയോ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകുകയോ ചെയ്യാതെ താഴെ പറയുന്ന തുകകൾ ബാധ്യതയായി തുടരുന്നു.

| ക്രമ നം. | ഹെഡ് കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 320200214 | Development Of Scheduled Tribe | 67499/- |

| | | | |
|---|---|---|---|
| 2 | 350200115 | Dues To Other LSG'S | 22000/- |
| 3 | 320800101 | Beneficiary Contribution | 270914 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/13.11.23) തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ തിരികെ ഒടുക്കി വിശദാംശം നൽകുന്നതാണെന്ന് അറിയിച്ചു. തുക തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല

പ്രോജക്ട് നമ്പർ - S0048/23(169/21)

കുറ്റിപ്പുറം ശംഭുനിവാസ് ഓട സൈഡ് ഫില്ലിംഗ്

അടങ്കൽ- 85,000/- തനത് ഫണ്ട്, പി.എ.സി- 85000/-

കരാറുകാരൻ - ശ്രീ. ഷാജഹാൻ.എ

എഗ്രിമെന്റ് നമ്പർ 27/AE/KPLY/ 24.3.2022
ബിൽ നമ്പർ -14/10.5.22, 54181/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത് 28.2.2022 ൽ ആണ്. ഇത് പ്രകാരം 14.3.22 നുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ 24.3.2022 ൽ ആണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ എഗ്രിമെന്റ് ഫൈനില്ലാതെയും തുടർന്ന് 10 ദിവസത്തിനുള്ളിൽ 1% ഫൈനോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. ഈ കാലയളവിലും കരാർ വെക്കാത്തപക്ഷം ഇ.എം.ഡി കണ്ടുകെട്ടുകയും ടെണ്ടർ നിബന്ധന പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നിട്ടും ഇപ്രകാരം തുടർനടപടി സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ കരാറുകാരനുമായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് 2.12.2021 ൽ കരാറുകാരൻ സൈറ്റ് ഏറ്റെടുത്തിട്ടുള്ളതായ സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അളവ് പുസ്തകം 21/21-22 പുറം 2-ൽ 19.3.22 ൽ പ്രവൃത്തി ചെയ്തതായി അളവ് രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് സൈറ്റ് കൈമാറുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/15.11.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് കരാർതുകയുടെ (85000), 1% തുകയായ 850/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അതുപോലെ മേൽ പരാമർശിച്ച പ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കോമ്പൻസേഷൻ ഈടാക്കിയില്ല

പ്രോജക്റ്റ് നമ്പർ- S0059/23 (138/21)

അടങ്കൽ- 1400000/- കരാറുകാരൻ- ഗോപാലകൃഷ്ണപിള്ള

പി.എ.സി-1204135, ബിൽ നമ്പർ-2/18.6.22, ആകെ ചെലവ്-1260042/-

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വലിയകുളങ്ങര നാരകത്തറ ഓട നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2116-1 പ്രകാരം കോമ്പൻസേഷൻ ഈടാക്കിയതായി കാണുന്നില്ല. 10.11.2021 ൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും നിയമാനുസൃത കാലയളവിൽ കരാറിലേർപ്പെടാതിരുന്നതിനാൽ 12486/- രൂപ ഫൈൻ ഒടുക്കിയശേഷമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 4 മാസമാണ്. 26.2.2022ലെ കമ്മറ്റി തീരുമാനം 2(4) പ്രകാരം കരാറുകാരനുമായി കരാറിലേർപ്പെട്ട് 31.3.2022 നകം പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരനോട് നിർദ്ദേശിച്ച് തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം 14.3.22 ൽ എഗ്രിമെന്റിൽ ഏർപ്പെട്ട് (26/AE/14.3.22) സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 13.7.22 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 24.8.2022 ൽ ആണ്.

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ച നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം വരുത്തിയ 6 ആഴ്ച കാലയളവിലേക്ക് കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2116-1 പ്രകാരം കാലതാമസം വരുത്തുന്ന ഓരോ ആഴ്ചയ്ക്കും 0.1% നിരക്കിൽ കരാർ തുകയുടെ 0.6%x1204135=7225/-രൂപ കോമ്പൻസേഷൻ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (14/15.11.23) മറുപടി ലഭ്യമാക്കിയില്ല.

3-2 ജി.എസ്.ടി സഹിതം കെ.എസ്.ഇ.ബിയിൽ ഒടുക്കിയ തുകയ്ക്ക് വീണ്ടും ജി.എസ്.ടി അനുവദിച്ചു

പ്രോജക്റ്റ് നമ്പർ- S0059/23 (138/21)

വലിയകുളങ്ങര നാരകത്തറ ഓട നിർമ്മാണം

അടങ്കൽ- 1400000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-73857/-, മെയിന്റനൻസ് ഗ്രാന്റ് റോഡ്-1326143/-)

കരാറുകാരൻ- ഗോപാലകൃഷ്ണപിള്ള

പി.എ.സി-1204135

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വലിയകുളങ്ങര നാരകത്തറ ഓട നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഈ പ്രവൃത്തിയുടെ ഭാഗമായി പോസ്റ്റ് ഷിഫ്റ്റിംഗിനായി കരാറുകരൻ ജി.എസ്.ടി ഉൾപ്പെടെ 12203 രൂപ കെ.എസ്.ഇ.ബിയിൽ ഒടുക്കിയിട്ടുണ്ട് (പണം ഒടുക്കിയതിന്റെ രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്). എന്നാൽ ഇപ്രകാരമൊരു ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല. കെ.എസ്.ഇ.ബിയിൽ ഒടുക്കിയ തുകയ്ക്ക് വീണ്ടും ജി.എസ്.ടി കണക്കാക്കി യിട്ടുള്ളതായി കാണുന്നു. പ്രവൃത്തിയുടെ ആകെ മൂല്യം 1260042

| ബിൽ | പ്രവൃത്തിമൂല്യം | ജി.എസ്.ടി | ആകെ |
|---|---|---|---|
| ഒന്നാം ഭാഗിക ബിൽ | 495403 | 59448 (12%) | 554851 |
| രണ്ടാം ഭാഗിക ബിൽ | 587278 | 105710 (18%) | 692988 |
| പോസ്റ്റ് ഷിഫ്റ്റിംഗ് | | | 12203 |

| | | | |
|---|---|---|---|
| | | ആകെ | 1260042 |

മേൽ സൂചിപ്പിച്ചതിൽ നിന്നും വ്യത്യസ്തമായി 1261857 രൂപ ഈ പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (15/15.11.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച വിധം അധികം ചെലവഴിച്ച 1815/-രൂപ (1261857-1260042), ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ബിൽ നമ്പർ-9/11.1.23 - 141000

ബിൽ നമ്പർ 10/6.1.23 – 24857

ബിൽ നമ്പർ 8/22.10.22 – 541149

ബിൽ നമ്പർ 2/18.6.22 - 554851

3-3 ചുടുകാട്- കാരശ്ശേരി റോഡ് ടാറിംഗ്-അപാകതകൾ

പ്രോജക്ട് നമ്പർ- S0042/23

കരാറുകാരൻ വിജയൻ. എൻ, അടങ്കൽ 700000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)

ബിൽ നമ്പർ 22/22.3.23, 652230

ചുടുകാട്- കാരശ്ശേരി റോഡ് ടാറിംഗ്- എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അനുബന്ധം 2 പ്രകാരം കാന (റോഡ് ക്രോസിംഗ് ഭാഗം) നിർമ്മാണത്തിനായി ഇനം 2-1 പ്രകാരം എർത്ത് വർക്ക് എസ്കവേഷൻ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

1x4.80x 0.80x0.40 =1.536$m^3$

ഇനം 2-1 പ്രകാരം ബെഡ് കോൺക്രീറ്റിംഗ് 0.10m കനത്തിലും ഇനം 2-3 പ്രകാരം ആർ.സി.സി ബെഡ് 0.10m കനത്തിലും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 0.40 മീറ്റർ താഴ്ചയിൽ എർത്ത് വർക്ക് എസ്കവേഷൻ ചെയ്തതിൽ 0.20 മീറ്റർ കുറച്ചാൽ ബാക്കി 0.20 മീറ്ററും റോഡ് മെയിന്റനൻസിന്റെ ഭാഗമായി ജി.എസ്.ബി, ഡബ്ല്യൂ.എം.എം എന്നിവ 0.15 മീറ്റർ കനത്തിലും ചിപ്പിംഗ് കാർപ്പറ്റ് 0.02 മീറ്റർ കനത്തിലും ചെയ്തതും കവറിംഗ് സ്ലാബിന്റെ കനമായ 0.18 മീറ്ററും കണക്കാക്കിയാൽ സൈഡ് വാൾ ചെയ്യാവുന്ന ഉയരം 0.34 മീറ്ററാണ്. എന്നാൽ സൈഡ് വാൾ 0.50 മീറ്റർ ഉയരത്തിൽ ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം റോഡ് ക്രോസിംഗ് ഭാഗത്ത് നിർമ്മിച്ചിട്ടുള്ള കാന റോഡിന്റെ ഉപരിതലത്തിൽ നിന്നും 0.16 മീറ്റർ ഉയർന്ന് നിൽക്കുന്ന അവസ്ഥയിലാകും. റോഡിന്റെ ഉപരിതല നിരക്കിൽ കാന നിർമ്മിക്കുന്നതിന് സൈഡ് വാൾ നിർമ്മിക്കാവുന്ന ഉയരം 0.34 മീറ്ററാണ്. അതായത് എസ്കവേഷന്റെ അളവായ 0.40+റോഡിന്റെ ഉയരം 0.32 മീറ്റർ -(ബെഡ് കോൺക്രീറ്റിംഗ് 0.20 + കവറിംഗ് സ്ലാബ് 0.18), Ie 0.72-0.38=0.34 മീറ്റർ. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി 0.50 മീറ്റർ ഉയരത്തിൽ സൈഡ് വാൾ നിർമ്മിച്ചത് മൂലം 0.307$m^3$ കോൺക്രീറ്റിംഗ് അധികം ചെയ്തിട്ടുണ്ട്.

| റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് | സൈഡ് വാൾ ഉൾപ്പെടെ ആർ.സി.സി ചെയ്ത അളവ് | നൽകിയ തുക | സൈഡ് വാൾ ഉൾപ്പെടെ ആർ.സി.സി ചെയ്യാവുന്ന അളവ് | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| കാനയുടെ ബെഡ് | 4.8x0.8x0.10 =0.384 | 2.035m3x8427/$m^3$ = 17149/- | 4.8x0.8x0.10 =0.384 | 1.728m3x8427/$m^3$ = 14562/- | 2587 + 18% GST |

| | | | | | |
|---|---|---|---|---|---|
| സൈഡ് വാൾ | 2x4.8x0.2x0.50 =0.96 | | 2x4.8x0.2x0.34 =0.653 | | |
| സ്ലാബ് | 4.8x0.8x0.18 =0.691 | | 4.8x0.8x0.18 =0.691 | | =3053 |
| | ആകെ 2.035$m^3$ | | ആകെ 1.728$m^3$ | | |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (17/15.11.23) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിധം അധികം ചെലവഴിച്ച 3053/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-4 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല

തെറ്റിക്കുഴിയിൽ ചേലപ്പുറത്ത് ഓട നിർമ്മാണവും കവറിംഗ് സ്ലാബും വാർഡ് 7

പ്രോജക്റ്റ്- S0110/23

കരാറുകാരൻ -വിനു.ആർ, അടങ്കൽ -567000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)

ബിൽ നമ്പർ- 16/28.2.23, 481347

തെറ്റിക്കുഴിയിൽ ചേലപ്പുറത്ത് ഓട നിർമ്മാണവും കവറിംഗ് സ്ലാബും വാർഡ് 7 എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഒന്നാമിനമായി 19.376$m^3$ മണ്ണ് ഓടനിർമ്മാണത്തിനായി കുഴിച്ചെടുത്തിട്ടുണ്ട് (ഇ-എം ബുക്കിലെ രേഖപ്പെടുത്തൽ). ആയത് 18.62$m^3$ ൽ പരിമിതപ്പെടുത്തി 650/$m^3$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല. പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (18/15.11.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച പ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും പ്രസ്തുത മണ്ണ് സ്റ്റാക്ക് ചെയ്ത് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയോ ലേലം ചെയ്ത് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ലാത്തതിനാൽ 18.62$m^3$ മണ്ണിന് 400/$m^3$നിരക്കിൽ 7448/- രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 128700 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 128700 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 42189 | പാലിന് സബ്സിഡി (എസ്.സി.) | 42189 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 183942 | പാലിന് സബ്സിഡി (ജനറൽ) | 183942 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 343935 | ലൈഫ്-2020 പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം (അതിദരിദ്ര ഫിഷറീസ്) | 343935 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 980000 | ലൈഫ്-ഭവന നിർമ്മാണം (പൊതുവിഭാഗം) | 980000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 477144 | ലൈഫ്-ഭവന നിർമ്മാണം (പട്ടികജാതി വിഭാഗം) | 477144 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 170000 | പാലിയേറ്റീവ് പരിചരണം | 170000 | 0 |
| ആകെ | 2022-23 | 2325910 | | 2325910 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 42900 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 42900 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 185000 | അനുപൂരക പോഷകാഹാര പരിപാടി(ജനറൽ) | 185000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 50000 | പാലിന് സബ്സിഡി (ജനറൽ) | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 3999573 | സ്ട്രീറ്റ് മെയിൻ നീട്ടൽ | 3999573 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 300000 | ലൈഫ്-ഭവന നിർമ്മാണം (പട്ടികജാതി വിഭാഗം) | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1180000 | ലൈഫ്-ഭവന നിർമ്മാണം (പൊതുവിഭാഗം) | 1180000 | 0 |
| ആകെ | 2022-23 | 5757473 | | 5757473 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക (Rs) | ചെലവഴിച്ച തുക (Rs) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (Rs) |
|---|---|---|---|---|---|
| ഭൂഗർഭ ജലവകുപ്പ് | ബോർ വെൽ സ്ഥാപിക്കൽ | XVFC/2022-23 /P/19 | 859935 | 00 | 859935 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ നീട്ടൽ | XVFC/2022-23 /P/10- 874419 രൂപ(CFC ഗ്രാന്റ്) 42201100, 101,102,103,104 3999573 രൂപ ജില്ല പഞ്ചായത്ത് വിഹിതം | 4873992 | 00 | 4873992 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസായി 2022-23 ൽ പണം നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷത്തെ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | 6872/22 ധന. | 460000 | 19380277 | 2225001 | | 17615276 |

## 4-5 സ്ഥിര നിക്ഷേപം

പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം പഞ്ചായത്തിന് വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടതും തീർപ്പാക്കാനവശേഷിക്കുന്നതുമായ ഖണ്ഡികകൾ നിലവിലില്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുകകളുടെ വിവരം

ചാർജ്, സർചാർജ് നടപടി വഴി 2022-23 ൽ തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരുപ്പ് ഒഴികെ) | 2,33,76,219 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,48,36,934 |
| വരവിനങ്ങളിലുള്ള നഷ്ടം | 850 രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19541 രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5733927 രൂപ |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവിനങ്ങളിലെ നഷ്ടം (രൂപ) | ചെലവിനങ്ങളിലെ നഷ്ടം(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 (1-23) | 850 | | ശ്രീമതി സിന്ധു.ഒ, അസിസ്റ്റന്റ് എൻജിനീയർ |
| 3-1 (1-24) | | 7225 | ശ്രീമതി സിന്ധു.ഒ, അസിസ്റ്റന്റ് എൻജിനീയർ |
| 3-2 (1-25) | | 1815 | ശ്രീമതി ദീപ.എസ്, അസിസ്റ്റന്റ് എൻജിനീയർ |
| 3-3 (1-26) | | 3053 | ശ്രീമതി ദീപ.എസ്, അസിസ്റ്റന്റ് എൻജിനീയർ |
| 3-4 (1-27) | | 7448 | ശ്രീമതി ദീപ.എസ്, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 850 | 19541 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 4873992 | ശ്രീ. ഉല്ലാസ് കുമാർ റ്റി, സെക്രട്ടറി |
| 1-18 | 859935 | ശ്രീ. ഉല്ലാസ് കുമാർ റ്റി, സെക്രട്ടറി |
| ആകെ | 5733927 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1- 19 | 446 | ശ്രീ. ഉല്ലാസ് കുമാർ റ്റി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഉല്ലാസ് കുമാർ.റ്റി, സെക്രട്ടറി | സെക്രട്ടറി, മാന്നാർ ഗ്രാമ പഞ്ചായത്ത് | മണിഭവനം, താമല്ലാക്കൽ പി.ഒ, ഹരിപ്പാട് |
| ശ്രീമതി സിന്ധു.ഒ, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, മാവേലിക്കര നഗരസഭ | സിന്ധൂരം, മുതുകുളം വടക്ക്, ചേപ്പാട് പി.ഒ |

| | | |
|---|---|---|
| ശ്രീമതി ദീപ.എസ്, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് | രാജേഷ് ഭവനം, ചേപ്പാട് പി.ഒ |

4-10 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1998-99 | അദാലത്ത് റിപ്പോർട്ട് നം.കെ.എസ്.എ-എ.എൽ.പി/പി3 /1317/2022/26.04.2023 |
| 2002-03 | കെ.എസ്.എ-എ.എൽ.പി/പി3 /1317/2022/26.04.2023 |
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി3/ 1317/2022/26.04.2023 |
| 2007-08 | കെ.എസ്.എ-എ.എൽ.പി/പി3/ 1317/2022/26.04.2023 |
| 2008-09 | കെ.എസ്.എ-എ.എൽ.പി/ പി3/ 1317/2022/26.04.2023 |
| 2009-10 | കെ.എസ്.എ-എ.എൽ.പി/പി3/ 1317/2022/26.04.2023 |
| 2010-11, 2011-12 | കെ.എസ്.എ-എ.എൽ.പി/പി3/ 1317/2022/26.04.2023 |
| 2012-13 | കെ.എസ്.എ-എ.എൽ.പി/പി3/ 1317/2022/26.04.2023 |
| 2013-14 | കെ എസ് എ എൽ പി/ പി3 /1317/2022/26.04.2023 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി3 /1317/2022/26.04.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി3/ 1317/2022/26.04.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി3/ 1317/2022/26.04.2023 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി3 /1317/2022/26.04.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി3/407/2020/28.05.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി3/739/2021/23.09.2021 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി3/740/2021/24.09.2021 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി3/1007/2022/29.09.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 04-07-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Karthtikapally Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karthtikapally Grama Panchayat for the year 2022-2023

Date: 20/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Karthtikapally Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Ratios, the mandatory financial statement prescribed in accounting rule [62(2)(F)] not submitted for audit.

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Amount directly credited by bank Rs. 8480/- ( 31.10.21 Rs- 4240/-, 05.10.21 Rs-4240/-) as per the bank reconcilation statement of Union Bank Total Sanitation Account not receipted.

4.Reconciliation Statement of DCB Saksharatha account not produced for audit.

5. Closing balance as per RP40(b) of DCB Saksharatha account and SBI KURDFC Loan Account-( 40887526682) mismatch with the Bank statement.

6. Arrear amount of Water Charge not included in the Liability Head.

7. MGNREGA expenditure amount entered wrongly in I 14 (f) .

8. Depreciation not provided for Sewerage & Drainage, Public Lighting, Plant & Machinary in the Balance sheet.

9. Amount Deposited in KSEB Rs.48,73,992 not utilised. But it is not included in B18 Schedule.

10. Asset Register and Advance Register not maintained properly and not match with AFS.

11. Lapses in making timely and accurate demand entries in respect of tax and non tax revenues.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്